# 37

# "പ്രബോധന സന്ദേശം"

# (13:14- 43)

പൌലൊസും ബർന്നബാസും പംഫുല്യയിലെ അപകടകരമായ പർവ്വത നിരകൾ കടന്നു അവസാനം, പിസിദ്യയിലെ അന്ത്യോക്യയിൽ എത്തി.[1] സുറിയയിലെ അന്ത്യോക്യപോലെ തന്നെ ഈ അന്ത്യോക്യയും സെലുക്കൊസ് നികേട്ടറിന്റെ അപ്പനായിരുന്ന, അന്ത്യോക്കൊസ് I-ാമന്റെ പേരിൽ അറിയപ്പെടുന്നു. കിഴക്കോട്ടും പടിഞ്ഞാറോട്ടും, വളരെ തിരക്കുള്ള വ്യാപാര വഴിയിലാണ് സ്ഥിതി ചെയ്യുന്നത്, ഗലാത്യയുടെ ഭാഗം പൊതുജനങ്ങളുടേയും സൈന്യത്തിന്റേയും കേന്ദ്രമായിരുന്നു.

ആ പട്ടണത്തിലെ അവരുടെ ആദ്യ ശബ്ബത്തിൽ അവരുടെ ആചാര പ്രകാരം,[2] പൌലൊസും ബർന്നബാസും "പള്ളിയിൽ പോയി ഇരുന്നു" (13:14). ആരാധകർ ശേമാ വായിച്ചു കേട്ടിരുന്നതുകൊണ്ട് ആരാധന തുടങ്ങിയിരിക്കും[3] (ആവർത്തനപുസ്തകം 6:4-9): ''യിസ്രായേലെ!, കേൾക്ക, യഹോവ നമ്മുടെ ദൈവം ആകുന്നു, യഹോവ ഏകൻ തന്നേ! ..." നിന്റെ ദൈവമായ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസോടും പൂർണ്ണശക്തിയോടും സ്നേഹിക്കണം. ഇന്നു ഞാൻ നിന്നോടു കൽപിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം ഇതു പറഞ്ഞശേഷം ഒരു വായനയുണ്ട്. പ്രവാചകന്മാരുടെ പുസ്തകത്തിൽ നിന്നും ന്യായപ്രമാണത്തിൽ നിന്നും വായിക്കും. പിന്നീട് വായിച്ച വേദ ഭാഗം അവർ പ്രായോഗികമാക്കണം വായിക്കുന്ന ആൾ അതിൽ നിന്നു പാഠം തയ്യാറാക്കണം (ലൂക്കൊസ് 4:16-20), ഒന്നുകിൽ ശുശ്രൂഷ നയിക്കുന്ന വ്യക്തി അല്ലെങ്കിൽ സന്നിഹിരായ പുരുഷന്മാർ ആരെങ്കിലും.

"ന്യായ പ്രമാണങ്ങളും പ്രവാചകങ്ങളും വായിച്ചു തീർന്നപ്പോൾ പളളിപ്രമാണികൾ [പൌലൊസിന്റേയും ബർന്നബാസിന്റേയും] അടുക്കൽ ആളയച്ചു, 'സഹോദരന്മാരേ, നിങ്ങൾക്കു ജനത്തോട് പ്രബോധനം വല്ലതും ഉണ്ടെങ്കിൽ പറവിൻ എന്നു പറയിച്ചു'" (13:15). പൌലൊസിനും ബർന്നബാസിനും ഈ അവസരം കൊടുത്തതെന്തിന്? ചിലപ്പോൾ സന്ദർശകർക്കു സംസാരിക്കാൻ അവസരം കൊടുക്കുക എന്നതു പളളിയുടെ ആചാരമാകാം. ഒരു പക്ഷേ പൗലൊസും ബർന്നബാസും അന്ത്യോക്യയിൽ പ്രസംഗിച്ചു കഴിഞ്ഞരിക്കാം, ഉദ്യോഗസ്ഥർ അവരുടെ ഉപദേശത്തിൽ ആകാംക്ഷയുള്ളവർ ആയിരുന്നേക്കാം. ശുശ്രൂഷ ആരംഭിക്കുന്നതിനു മുൻപു തന്നെ അവർ ഈ രണ്ടുപേരെ സന്ദർശിച്ചിരിക്കാം, പൌലൊസും ബർന്നബാസും റബ്ബിമാരെ*പ്പോലെ* തോന്നിയിരിക്കാം

കാരണം എന്തായാലും, ക്രിസ്തുവിന്റെ സ്ഥാനപത്രികൾക്കു കിട്ടിയ അവസരങ്ങൾ കണ്ടില്ലെന്നു നടിക്കാനായില്ല.

ഉദ്യോഗസ്ഥർ ചോദിച്ചതു "പ്രബോധനം വല്ലതും ഉണ്ടെങ്കിൽ" എന്നാണ്. പ്രവൃത്തികൾ 4:36[4]-ൽ ഉള്ള "എൻകറേജ്മെന്റ്" എന്നതിനും "എക്സോർട്ടേഷൻ" എന്നതും തർജ്ജിമ ചെയ്തിരിക്കുന്നതും ഒരേ ഗ്രീക്കു വാക്കിൽ നിന്നാണ് (ബർന്നബാസിനെ "പ്രബോധനപുത്രൻ" എന്നു വിളിച്ചിരിക്കുന്ന എൻഐവിയിൽ "സഹോദരന്മാരേ, നിങ്ങൾക്കു ജനത്തോടു *വല്ല പ്രബോധനവും ഉണ്ടെങ്കിൽ* ദയവായി സംസാരിക്ക എന്നാണ്" (എംഫസിസ് മൈൻ). സമയം ഇന്നത്തെപ്പോലെ അന്നും കഷ്ടിച്ചായിരുന്നു, "പ്രബോധനസന്ദേശം" എല്ലായ്പ്പോഴും ചിട്ടയായിട്ട് ആയിരുന്നു (ആണ്).

അവർ ഒരു പ്രബോധന സന്ദേശം ആവശ്യപ്പെട്ടതുകൊണ്ട്, സ്വാഭാവികമായും പ്രബോധന പുത്രൻ അതിനു പ്രതികരിച്ചു കാണും. പൌലൊസ് ആണ്, എങ്ങനെയായാലും, സംസാരിക്കാൻ എഴുന്നേറ്റത്. അവൻ ഇപ്പോൾ സമ്മതനായ ഒരു നായകനായിരിക്കുന്നു.

ഒരു ഉപദേഷ്ടാവിനോട് "*ഒരു വാക്ക് സംസാരിക്കാൻ*" പറഞ്ഞാൽ, നിങ്ങൾ ഒരു പക്ഷേ അയാളിൽ നിന്നു പ്രതീക്ഷിക്കുന്നതു ഒരു *പ്രസംഗമായിരിക്കാം* - പൌലൊസ് അതിൽ നിന്നു വിത്യസ്തനല്ലായിരുന്നു. പൌലോസിന്റെ ആദ്യത്തെ രേഖപ്പെടുത്തിയ പ്രസംഗം, പ്രവൃത്തികൾ 13:16-41 വരെ കാണാം; പൌലൊസ് സ്നാനമേറ്റ ഉടനെ, അവൻ "പള്ളിയിൽ ചെന്നു യേശുവിനെ പ്രസംഗിക്കാൻ തുടങ്ങി, ... യേശുവിനെ ദൈവ പുത്രൻ എന്നു തെളിയിച്ചു ... യെഹൂദന്മാരെ മിണ്ടാതാക്കി" (9:20, 22). ഇവിടെ, ആദ്യമായി, പൌലൊസ് യെഹൂദ പള്ളികളിൽ പ്രസംഗിച്ച ബാസിൽ ലൂക്കൊസ് സ്ത്രീ.[5]

അന്ത്യോക്യാ പളളിയിലെ പൌലൊസിന്റെ പ്രസംഗം ഉൽകൃഷ്ടംമായിരുന്നു. ആരംഭ പ്രസംഗികർ നമ്മെ പഠിപ്പിച്ചതിൽ നിന്നു ഒരു പ്രസംഗത്തിൽ മൂന്നു ഭാഗങ്ങൾ ഉൾപ്പെടുന്നു എന്നുകാണാം: മുഖവുര, മുഖ്യഭാഗം, ഉപസംഹാരം എന്നിവയാണ് അവ. പുതു ക്രിസ്ത്യാനികളായി വന്ന ഉപദേഷ്ടാക്കന്മാർ തമാശയായി പറയുന്നതു പ്രസംഗത്തിലെ മുഖ്യ ഭാഗത്ത് "മൂന്നു പോയിന്റും ഒരു പാട്ടും" ഉൾപ്പെടുന്നുവെന്നാണ്. പൌലൊസിന്റെ പ്രസംഗ സാധാരണ മൂന്നു ഭാഗത്തായി തിരച്ചിരിക്കും (ഓരോ ഭാഗവും തുടങ്ങുന്നതു "സഹോദരന്മാരേ" എന്നോ അതിനു തുല്യമായ സൂചനയുമായിട്ടാണ്), അവൻ യെഹൂദ പദ്യവും ഉദ്ധരിച്ചിട്ടുണ്ട്.

നമുക്കു പൌലൊസിന്റെ അന്ത്യോക്യയിലെ പൗരന്മാരോടുള്ള "പ്രബോധന വാക്കുകൾ" പരിശോധിക്കാം - ഇന്നു അവൻ നമുക്കു നൽകുന്നതായ പ്രബോധനവും നോക്കാം.

## ദൈവമാണ് നിയന്ത്രിക്കുന്നത്! (13:16-25)

പൌലൊസ് യെഹൂദന്മാരുടെ മുമ്പാകെ എഴുന്നേറ്റും[6] യെഹൂദമതാനുസാരികളും ദൈവ - ഭയമുള്ളവരും (ദൈവത്തിൽ വിശ്വാസം അർപ്പിച്ച ജാതികളാണെങ്കിലും അവർ യെഹൂദവിശ്വാസത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടിരുന്നല്ല). തന്റെ കൈകൾ കൊണ്ട് അവരെ അന്വേഷിക്കുന്ന ആംഗ്യം കാണിക്കും (21:40; 26:1) തുടങ്ങുകയും ചെയ്തു:

"യിസ്രായേൽ പുരുഷന്മാരും ദൈവഭക്തന്മാരും ആയുള്ളോരേ, കേൾക്ക" (വാക്യം 16).

ഇന്നത്തെപ്പോലെ തന്നെയായിരുന്നു അന്നത്തേയും ആളുകൾ അവർ ഏറ്റവും ഇഷ്ടപ്പെട്ട വിഷയം തങ്ങൾ തന്നെ ആയിരുന്നു, ദൈവം യിസ്രായേൽ ജനത്തോട് മുൻപ് ഇടപെട്ടതിനെ പൌലോസ് ആദ്യം പുനരവലോനം നടത്തി:

> യിസ്രായേൽ ജനത്തിന്റെ ദൈവം നമ്മുടെ പിതാക്കന്മാരെ തിരഞ്ഞെടുത്തു, മിസ്രയീം ദേശത്തിലെ പ്രവാസകാലത്തു ജനത്തെ വർദ്ധിപ്പിച്ചു, ഭുജ വീര്യം[7] കൊണ്ട് അവിടെ നിന്നു പുറപ്പെടുവിച്ചു.[8] മരുഭൂമിയിൽ[9] നാൽപതു സംവത്സരത്തോളം അവരുടെ സ്വഭാവം സഹിച്ചു.[10] കനാൻ ദേശത്തിലെ[11] ഏതു ജാതികളെ ഒഴുക്കി, അവരുടെ ദേശം അവർക്കു അവകാശമായി[12] – വിഭാഗിച്ചു കൊടുത്തു അങ്ങനെ ഏകദേശം നാന്നൂറ്റമ്പതു സംവത്സരം കഴിഞ്ഞു[13] (വാക്യങ്ങൾ 17–19).

ന്യായാധിപസംഘത്തിനു മുൻപാകെ സ്തെഫാനൊസ് പ്രസംഗിച്ചതു നമ്മെ ഓർമിപ്പിക്കുന്നു, എന്നാൽ വിത്യാസം ഉണ്ട്: സ്തെഫാനൊസ് യെഹൂദ ചരിത്രം എടുത്തു യെഹൂദന്മാർ എല്ലായ്പ്പോഴും ദൈവത്തിന്റെ വിടുവിപ്പുകാരെ തള്ളിക്കളയുകയായിരുന്നു എന്നു തെളിയിച്ചു; പൌലൊസ് യിസ്രായേൽ ചരിത്രം എടുത്ത് അതു മശിഹയുടെ വരവിനുള്ള ഒരുക്കമാണെന്നു തെളിയിച്ചു. ചരിത്രത്തിൽ ദൈവം പ്രവർത്തച്ചിരുന്നതായി യെഹൂദന്മാർ വിശ്വസിച്ചിരിക്കുന്നു, തന്റെ ഉദ്ദേശരൂപീകരണത്തിന്.

പൌലൊസ് പെട്ടെന്ന് അനേക വർഷങ്ങളിലൂടെ കടന്ന് ദാവീദിലെത്തി:

> അതിന്റെ ശേഷം അവൻ അവർക്കു ശമൂവേൽ പ്രവാചകൻ വംശ ന്യായാധിപതിമാരെ കൊടുത്തു. അനന്തരം അവർ ഒരു രാജാവിനെ[14] ചോദിച്ചു, ദൈവം അവർക്കു ബെന്യാമീൻ[15] ഗോത്രക്കാരായ കീശിന്റെ മകൻ ശൌലിനെ നാൽപതാണ്ടേക്കു[16] കൊടുത്തു. അവനെ നീക്കീട്ടു[17] ദാവീദിനെ അവർക്കു രാജാവായി വാഴിച്ചു, "ഞാൻ യിശ്ശായിയുടെ മകനായ ദാവീദിനെ എനിക്കു ബോധിച്ച പുരുഷനായി കണ്ടു: അവൻ എന്റെ ഹിതമെല്ലാം ചെയ്യും എന്നു അവനെക്കുറിച്ചു സാക്ഷ്യം പറഞ്ഞു"[18] (വാക്യങ്ങൾ 20–22).

മശിഹ വരുന്നതു ദാവീദ് രാജാവിന്റെ നേരിട്ടുള്ള പിന്തുടർച്ചക്കാരനായിട്ടാണെന്നു യെഹൂദന്മാർ മനസിലാക്കിയിരുന്നു.

ഈ സമയംവരെ, പൌലൊസിന്റെ അവതരണം അവന്റെ കേൾവിക്കാർ ഇഷ്ടപ്പെട്ടിരുന്ന, അവർക്കു സുപരിചിതമായ ചരിത്രത്തെ എടുത്തു കാണിച്ചതു തലകുലുക്കി സമ്മതിച്ചു. ഇപ്പോൾ പൌലൊസ് അവരെ ഞെട്ടിക്കുന്നു: "അവന്റെ [ദാവീദിന്റെ] സന്തതിയിൽ നിന്നു ദൈവം

വാഗ്ദത്തം ചെയ്തതുപോലെ,[19] യിസ്രായേലിനു *യേശു* എന്ന രക്ഷഷി താവിനെ കൊടുത്തു" (വാക്യം 23; എംഫസിസ് മൈൻ മത്തായി 1:1). കേൾവിക്കാരുടെ മുഖത്തു ഞെട്ടൽ കൊണ്ടുണ്ടായ ഭാവമാറ്റം എനിക്കു കാണാം. പൌലൊസിന്റെ പ്രസ്താവന അവരെ രണ്ടുവിധത്തിൽ അതി ശയിപ്പിച്ചു: ആദ്യത്തേതു ഉപയോഗിച്ച പദ പ്രയോഗത്തിലെ വർത്തമാ നകാലം. "ദൈവം യിസ്രായേലിനു ഒരു രക്ഷകനെ കൊടുത്തു." മശി ഹാപ്രവചനം നിറവേറി എന്നായിരുന്നു പൌലൊസിന്റെ അവകാശ വാദം! രണ്ടാമത്തെ അതിശയം ദാവീദിന്റെ സന്തതി എന്താണ്. "ദൈവം ഒരു മശിഹയെ, യിസ്രായേലിനു നൽകി" എന്നു പൗലൊസ് പറയുമെ ന്നാണ് കരുതിയത് പകരം, അവൻ പറഞ്ഞു, "ദൈവം, *യേശു* എന്ന രക്ഷാവിനെ ... യിസ്രായേലിനു കൊടുത്തു" എന്നാണ്.

അവരുടെ വിസ്മയം പൗലൊസിനു മനസിലാക്കാമായിരുന്നു എന്ന് ചോദ്യങ്ങൾ സംശരഹിതമാകുന്നു: "യേശു? ആരായിരുന്നു ഈ യേശു?" യോഹന്നാൻ സ്നാപകന്റെ പ്രവൃത്തി അവർക്കറിയാമായിരുന്നു എന്നു അപ്പൊസ്തലന്മാർ മനസ്സിലാക്കിയിരുന്നു[20] (ഒരു പക്ഷേയോഹന്നാന്റെ ശുശ്രൂഷ സമയത്തു അവരിൽ ചിലർ യെഹൂദ്യയിലേക്ക് ചെന്നിരിക്കാം[21]). ഇപ്പോൾ യോഹന്നാന്റെ വാക്കുകളാൽ യേശു ആരായിരുന്നു എന്നു അവൻ അവരെ ഓർമിപ്പിച്ചു (പിന്നെ യേശു തന്നെ മശിഹ എന്നതെളിവും നൽകി):

> ദൈവം വാഗ്ദത്തം ചെയ്തതു പോലെ യിസ്രായേലിനു, യേശു, എന്ന രക്ഷിതാവിനെ കൊടുത്തു. അവന്റെ വരവിനു മുമ്പേ യോഹ ന്നാൻ യിസ്രായേൽ ജനത്തിനു ഒക്കെയും മാനസാന്തരത്തിന്റെ[22] സ്നാനം പ്രസംഗിച്ചു. യോഹന്നാൻ ജീവകാലം തികയാറായപ്പോൾ "നിങ്ങൾ എന്നെ ആർ എന്നു നിരൂപിക്കുന്നു?[23] ഞാൻ മശിഹയല്ല, അവൻ എന്റെ പിന്നാലെ വരുന്നു, അവലന്റെ കാലിലെ ചെരിപ്പു അപ്പോൾ ഞാൻ യോഗ്യനല്ല എന്നു പറഞ്ഞു."[24] (വാക്യങ്ങൾ 23–25).

മശിഹക്കു വഴി ഒരുക്കുവാൻ "ഏലീയാവിന്റെ ആത്മാവോടു" കൂടയാണ് യോഹന്നാൻ വന്നത് (മലാഖി 4:5, 6; ലൂക്കൊസ് 1:13–17; മത്തായി 11:11–14; 17:10–13).[25] പൌലൊസിന്റെ കേൾവിക്കാരിൽ ആരെ ങ്കിലും യോഹന്നാന്റെ പ്രസംഗം കേട്ടിരുന്നെങ്കിൽ, അവർ യേശുവിനേ ക്കുറിച്ചു യോഹന്നാൻ സാക്ഷ്യപ്പെടുത്തിയതു കേട്ടുകാണും: "ഈതാ, ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!" (യോ ഹന്നാൻ 1:29)! യോഹന്നൻ ഒരു പ്രവാചകനാണെന്നു മിക്ക യെഹൂദ ന്മാരും വിശ്വസിച്ചിരുന്നു (മത്തായി 21:26); ആകയാൽ പൌലൊസിന്റെ സദസ്യർ അവന്റെ വാക്കുകൾ ഓർമ്മിക്കുന്നു വേങ്കിൽ, ഇതു വാഗ്ദാനം ചെയ്ത മശിഹ തന്നെയാണ് യേശു എന്നു തെളിയിക്കുന്ന ഫലപ്രദ മായ ആമുഖം തന്നെ ആയിരുന്നു.

"മുൻപു സംഭരിച്ച" ചരിത്രം യെഹൂദന്മാർ വിശ്വസിച്ചരുന്നില്ല എന്നു ഞാൻ മുൻപു പറഞ്ഞുവല്ലൊ, ചരിത്രത്തിൽ *ദൈവം* തന്റെ ഉദ്ദേശം നിറ വേറ്റി രൂപപ്പെടുത്താൻ പ്രവർത്തിച്ചു എന്നവർ വിശ്വസിച്ചു, ആ സത്യ

ത്തിന്മേൽ ദൈവത്തിന്റെ അന്തിമോദ്ദേശം യേശുവിനെ ലോകത്തിലേക്കു വരുത്തുക എന്നതായിരുന്നു എന്നു പൗലൊസ് വ്യക്തമാക്കി.

നിങ്ങളെക്കുറിച്ചു എനിക്ക് അറിയില്ല, ദൈവം ചരിത്രത്തിൽ പ്രവർത്തിച്ചു എന്നു ഞാൻ തിരിച്ചറിഞ്ഞു, ദൈവം എല്ലാം നിയന്ത്രിക്കുന്നു. നമ്മുടെ ലോകം പലപ്പോഴും നിയന്ത്രണം വിട്ടു പോകുന്നതായി നമുക്കു തോന്നും.[26] മുൻപു ഏപ്രിൽ മാസത്തിൽ, ഓക്ലഹോമിൽ പട്ടണത്തിലെ ദി ആൽ ഫ്രെഡ് മുറാ ഫെഡറൽ എന്ന കെട്ടിടം തീവ്രവാദികളുടെ സ്ഫോടനത്തിനിരയായി, 169 പേർ കൊല്ലപ്പെടുകയും 400 ലധികം പേർക്കു പരിക്കേല്ക്കുകയും ചെയ്തു. ഒരിക്കൽ ഞാൻ താമസിക്കുന്ന സ്ഥലത്ത് രണ്ടു ബുദ്ധിഹീനരായ സംഭവങ്ങൾ (മാനഭംഗവും കുലയും) സഭയിലെ അംഗങ്ങൾക്കു സംഭവിച്ചു. അത്തരം ഹിംസ നടക്കുമ്പോൾ, നാം കരയും, "എന്താണ്?" ഇങ്ങനെ. ദൈവത്തിനു എങ്ങനെ ഈ ദുഃഖരമായ കാര്യങ്ങൾ നമ്മിൽ അനുവദിക്കാൻ കഴിയുന്നു? നമ്മുടെ തൃപ്തിക്കു എല്ലാ ചോദ്യങ്ങളെയും ഉത്തരം കണ്ടെത്താൻ നമുക്കു കഴിയുകയില്ല, എന്നാൽ നമ്മുടെ മനസിലാക്കലിനുക്കുറിച്ചുള്ള "ക്രിസ്ത്യാനികളുടെ ചരിത്രത്തെക്കുറിച്ചുള്ളകാഴ്ചപ്പാട് ശുഭാപ്തി വിശ്വാസത്തോടെയുള്ളതാണ്. എല്ലാഴ്പ്പോഴും എവിടേക്കായാലും അതു ദൈവത്തിന്റെ ഉദ്ദേശത്തിലായിരിക്കും"[27] നാം അവന്നു വിശ്വസ്തനായി ജീവിച്ചാൽ ദുഃഖം വിജയമാക്കി മാറ്റാൻ ദൈവത്തിനു കഴിയും എന്നു നാം അറിയണം (റോമർ 8:28)!

**മശിഹ വന്നു! (13:26-37)**

പൗലൊസ് പള്ളിയിൽ ഉണ്ടായിരുന്നവരുടെ ശ്രദ്ധ ആകർഷച്ചു. "സഹോദരന്മാരേ," അവൻ പറഞ്ഞു, "അബ്രഹാം വംശത്തിലെ മക്കളും, അവരോടു ചേർന്ന ദൈവഭക്തന്മാരുമായുള്ളോരോ, *നമുക്കാകുന്നു* ഈ രക്ഷാ വചനം അയച്ചിരിക്കുന്നത്" [ഒരു പക്ഷെ കൂടി വന്ന എല്ലാവരേയും കൈ ചൂണ്ടി ഉൾപ്പെടുത്തി കാണും] (വാക്യം 26; എംഫസിസ് മൈൻ). ദൈവത്തിന്റെ മൊത്തമായ പദ്ധതികൾ അവർ എല്ലാവരും ഉൾപ്പെട്ടിരിക്കുന്നു!

"രക്ഷാവചനത്തോട്" തന്റെ കേൾവിക്കാർ പ്രതികരിക്കുന്നതിനു മുഖ്യ തടസങ്ങൾ തരണം ചെയ്യേണ്ടതായിട്ടുണ്ടെന്നു പൌലോസിന് അറിയാമായിരുന്നു; അവൻ മുൻപു അവരെപ്പോലെ ആയിരുന്നു; അവരുടെ ദുരഭിമാനം അവരിലും ഉണ്ടായിരുന്നു; അവരുടെ അതേ സംശയം അവനും ഉണ്ടായിരുന്നു. ഏറ്റവും വലിയ പ്രശ്നം "ക്രൂശിന്റെ ഇടർച്ചയായിരുന്നു" (ഗലാത്യർ 5:11; 1 കൊരിന്ത്യർ 1:23). യോഹന്നാൻ സ്നാപകനെ പറഞ്ഞതു യേശു ആരായിരന്നുവെന്ന ഓർമ്മ ഉണർത്തിയെങ്കിൽ പൗലൊസിന്റെ സദസ്യർ യേശുവിനെ ഒരു കുറ്റവാളിയെപ്പോലെ തൂക്കി കൊന്നതും ഓർമ്മിച്ചിരിക്കും. മിക്ക യെഹൂദന്മാരേയും മനസിൽ, റോമൻ ക്രൂശിൽ യേശു മരിച്ചതു കൊണ്ട് അവൻ ശാപമായി തീർന്നു എന്നാണ് (ആവർത്തന പുസ്തകം 21:23; ഗലാത്യർ 3:13) പിന്നെ, അതുകൊണ്ട്, മശിഹ ആകാൻ സാദ്ധ്യത*യില്ല*. പൌലൊസ് ഈ പ്രശ്നവും കൈ – കാര്യം ചെയ്യുന്നു:

> യെരുശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തു തോറും വായിച്ചുവരുന്ന, പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷക്കു വിധിക്കയാൽ, അവക്കു നിവൃത്തി മരണത്തിനു ഒരു ഹേതുവും കാണാഞ്ഞിട്ടും അവനെ കൊല്ലേണം എന്നു അവർ പിലാതൊസിനോടു അപേക്ഷിച്ചു. അവനെക്കുറിച്ചു എഴുകതിയിരിക്കുന്നത് ഒക്കെയും തികെച്ച ശേഷം, അവർ അവനെ മരത്തിൽ[28] നിന്നിറക്കി ഒരു കല്ലറയിൽ വെച്ചു[29] (വാക്യങ്ങൾ 27–29).

ഈ വാക്കുകളിലും, പിൻവരുന്ന ആ വാക്കുകളും, നമ്മെ ഓർമിപ്പിക്കുന്നതു പെന്തെക്കൊസ്തുനാളിലെ പത്രൊസിന്റെ പ്രസംഗത്തെയാണ്, എന്നാൽ അടിസ്ഥാന പരമായ വ്യത്യാസം ഉണ്ടായിരുന്നു: പത്രൊസ്, യെരുശലേമിൽ പ്രസംഗിക്കുന്നതു *രണ്ടാം* തവണയാണ്, രണ്ടാം വ്യക്തിയെയാണ് ഉപയോഗിച്ചതു: "*നിങ്ങൾ* ക്രൂശിച്ച ഈ യേശുവനെ" (2:36; എംഫസിസ് മൈൻ). പൌലൊസ്, യെരുശലേമിൽ നിന്നു വളരെ അകലെ പ്രസംഗിക്കുമ്പോൾ, ഉപയോഗിച്ചതു *മൂന്നാം* വ്യക്തിയായിട്ടാണ്: "അവനെ ക്രൂശിൽ തറെക്കുവാൻ *അവർ* പിലാത്തോസിനോട് ആവശ്യപ്പെട്ടു" (എംഫസിസ് മൈൻ).

അടിസ്ഥാനപരമായി, യേശുവിനെ ക്രൂശിൽ തറച്ചുകൊന്നതു മശിഹയാകുന്നതിനു അവനെ അയോഗ്യനാക്കാതിരിക്കുന്നതിനു പൌലൊസ് രണ്ടു കാരണങ്ങൾ നല്കുന്നു: ആദ്യമായി, യേശു മരണയോഗ്യനായിരുന്നില്ല. അവൻ പറഞ്ഞു, "അവർ അവനിൽ മരണത്തിനുള്ള കുറ്റം ഒന്നും കാണാതിരുന്നതിനാൽ പിലാത്തോസിനോട് അവനെ ക്രൂശിക്കുവാൻ ആവശ്യപ്പെട്ടു" ന്യായാധിപസഭ യേശുവിൽ ഭൂഷണ കുറ്റമാണ് ചുമത്തിയത്; എന്നാൽ അവൻ ദൈവപുത്രനായിരുന്നെങ്കിൽ, ആ പ്രസ്താവന ഭൂഷണമായിരു*ന്നില്ല*. പിലാത്തൊസ് അവനെ വിചാരണ ചെയ്തപ്പോൾ, യേശേവിൽ ചുമതലപ്പെട്ട കുറ്റങ്ങളിൽ അവൻ നിരപരാധിയാണെന്നു പലാത്തൊസ് അറിയിച്ചു. അവർ ചെയ്ത കുറ്റം നിമിത്തമായിരുന്നില്ല യേശു മരിക്കേണ്ടി വന്നത്, എന്നാൽ യെരുശലേമിലെ യെഹുദന്മാരാണ് അവന്റെ മരണം ആവശ്യപ്പെട്ടത്!

പ്രാഥമികമായ കാരണം, എങ്ങനെയായാലും, യേശുവിനെ ക്രൂശിൽ തറെച്ചതു അവനെ മശിഹയാകുന്നതിൽ ആയോഗ്യനാകുന്നില്ല എന്നു മാത്രമല്ല, അവന്റെ മരണം തിരുവെഴുത്തു നിവർത്തീകരണമായിരുന്നു പൌലൊസ് പറഞ്ഞു, "യെരുശലേമിൽ പാർക്കുന്നവരും, അവരുടെ പ്രമാണിമാരും, അവനെയോ അവർ ശബ്ബത്തു തോറും വായിക്കുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിഞ്ഞില്ല [പൌലൊസ് സംസാരിക്കുന്നതിനു തൊട്ടു മുൻപ് അവർ വായിച്ച് തീർന്നിരിക്കയൊ ഇല്ല], കുറ്റം ചുമത്തിയതു തിരുവെഴുത്തു നിവർത്തീകരണമായിരുന്നു"; "അവർ [മനസ്സുകൂടാതെ] അവനെക്കുറിച്ചു എഴുതിയിരുന്നതെല്ലാം നിറവേറി." മശിഹയുടെ കഷ്ഠതയേയും മരണത്തേയും വിവരിക്കുന്ന നിരവധി പ്രവാചക വാക്യങ്ങൾ പൌലൊസ് ഇതിനകം ഉദ്ധരിച്ചു കാണും – ആ വേദഭാഗങ്ങൾ യെശയ്യാവ് 53 ഉം സങ്കീർത്തനങ്ങൾ 22 ഉം ആണ്.[30] ക്രൂശിലെ

മരണം, യേശുവിനെ *അയോഗ്യനാക്കുന്നതിനും* പകരം, അവനെ മശിഹ എന്നതിനു *യോഗ്യനായിരുന്നു.*

ഏറ്റവും സാധാരണ എതിർപ്പിനു മറുപടി പറഞ്ഞുകൊണ്ട്, യേശു മശിഹതന്നെ എന്നു പൌലൊസ് തുടർന്നു. മനുഷ്യർ യേശുവിനെ തള്ളി കളഞ്ഞതും ദൈവത്തിന്റെ സ്വീകരണവും തമ്മിലുള്ള വ്യത്യാസം അവൻ നിരത്തി: യെരുശലേമിലെ യെഹൂദന്മാർ അവന്റെ മരണം ആവശ്യപ്പെട്ടു, "എന്നാൽ ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽപ്പിച്ചു" (വാക്യം 30). ധൈര്യത്തോടെ ഉറച്ച സ്വരത്തിൽ യേശു മരിച്ചവരിൽ നിന്നുയർത്തെഴുന്നേറ്റു എന്നു പറഞ്ഞപ്പോൾ അവിടെ കൂടിയിരുന്നവരുടെ തലകൾ കുലുങ്ങികാണും!

യേശു ഉയിർത്തെഴുന്നേറ്റതിന്റെ തെളിവു പൗലൊസ് നൽകിയതു അനേക സാക്ഷികൾ അവനെ ജീവനുള്ളവനായി കണ്ടു എന്നതായിരുന്നു: "ഏറിയ ദിവസം[31] ഗലീലയിൽ നിന്നു തന്നോടൊപ്പം യെരുശലേമിലേക്കു വന്നവർക്കായിരുന്നു അവൻ പ്രത്യക്ഷനായത്, അവർ തന്നെയാണ് ഇപ്പോൾ ജനത്തോട് അവനെ സാക്ഷീകരിക്കുന്നത്" (വാക്യം 31). 1 കൊരിന്ത്യർ 15-ൽ അവൻ ചെയ്തതുപോലെ ഇവിടെ അവൻ ചില പ്രത്യക്ഷകളെ എടുത്തു കാണച്ചിരിക്കും. അങ്ങനെയെങ്കിൽ, അവൻ ഇങ്ങനെ അവസാനിപ്പിച്ചിരിക്കാം "അവസാനമായി ... എനിക്കും അവൻ പ്രത്യക്ഷനായി" (1 കൊരിന്ത്യർ 15:8).

പിന്നെ അവൻ മരണവും അടക്കവും പോലെ യേശുവിന്റെ ഉയിർത്തെഴുന്നേറ്റും പ്രവചനനിവർത്തീകരണമാണെന്നു കാണിച്ചുകൊടുത്തുകാണും:

> ദൈവം പിതാക്കന്മാരോടു ചെയ്ത വാഗ്ദത്തം [മശിഹയെ അയക്കുന്നത്] ഉയിർത്തെഴുന്നേൽപ്പിച്ചതിനാൽ മക്കൾക്കു[32] നിവർത്തിച്ചിരിക്കുന്നു എന്നു ഞങ്ങൾ [പൗലൊസും ബർന്നബാസും], നിങ്ങളോടു സുവിശേഷിക്കുന്നു.[33] നീ എന്റെ പുത്രൻ ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു എന്നു രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നുവല്ലോ. "നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" (വാക്യങ്ങൾ 32, 33; സങ്കീർത്തനങ്ങൾ 2:7).

യിസ്രായേൽ ഒരു രാജാവിനെ കിരീടധാരണം നടത്തുമ്പോൾ യെഹൂദന്മാർ ഉപയോഗിച്ച ഉത്തമസങ്കീർക്കനമായിരുന്നു സങ്കീർത്തനം 2. "ജനിപ്പിച്ചിരിക്കുന്നു" എന്നതു ഇവിടെ സൂചിപ്പിക്കുന്നതു ജനനമല്ല, മറിച്ച് അവന്റെ പ്രത്യേക "സന്തതി" പുതിയ രാജാവായി തീർന്ന അംഗീകാരത്തെയാണ്. സങ്കീർത്തനം 2 ഒരു മശിഹാ സങ്കീർത്തനമായി യെഹൂദന്മാർ മനസ്സിലാക്കിയിരുന്നു, ഭാഗീകമായി ഭൂരാജാക്കന്മാരാലും അവസാനം പൂർണ്ണമായി മശിഹയാലും നിറവേറപ്പെട്ടു. മശിഹയുടെ കിരീടധാരണ വാഗ്ദാനം മശിഹകയും മേൽക്കയും മരിക്കയും ചെയ്യേണം എന്ന വാഗ്ദാനവും യോജിപ്പിച്ചു പൗലൊസ് എടുത്തു കാണിക്കയാവാം: മശിഹ കഷ്ടം അനുഭവിച്ചു മരിക്കുകയാണെങ്കിൽ പിന്നീട് കിരീടധാരണത്തിനും മഹത്വത്തിനും, മരിച്ചവരിൽ നിന്നുള്ള ഒരു *ഉയിർത്തെ*

*ഴുന്നേൽപ്* അത്യന്താപേക്ഷികമാണ്. സങ്കീർത്തനം 2–ൽ നിന്നു റോമർ 1:4–ലെ പൗലൊസിന്റെ തന്നെ വാക്കു നല്ല വ്യാഖ്യാനമാണ്: "മരിച്ചവരിൽ ഉയിർത്തെഴുന്നേറ്റു ശക്തിയോടെ ദൈവപുത്രൻ എന്നു യേശു നിർണ്ണയിക്കപ്പെട്ടു, വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു, അവൻ നമ്മുടെ കർത്താവായി തീർന്നു."

അടുത്തതു, പൗലൊസ് യെശയ്യാവ് 55:3: സൂചിപ്പിക്കുന്നു: "ഇനി ദ്രവത്വത്തിലേക്കു തിരിയാതെവണ്ണം അവൻ അവനെ മരിച്ചവരിൽ നിന്നു എഴുന്നേൽപ്പിച്ചതിനെക്കുറിച്ചു അവൻ: 'ദാവീദിനെ സ്ഥിരമായുള്ള വിശുദ്ധ കൃപകളെ ഞാൻ നിങ്ങൾക്കു നൽകും എന്നു പറഞ്ഞിരിക്കുന്നു'" (വാക്യം 34). "ദാവീദിന്റെ സ്ഥിരമായുള്ള വിശുദ്ധകൃപകൾ" എന്നതു മശിഹയെ ദാവീദിന്റെ സിംഹാസനത്തിൽ ഇരുത്തുക എന്നതാണ്. പൗലൊസിന്റെ വാദഗതി ആദ്യത്തേതുപോലെ ആയിരുന്നു: മശിഹ മരിക്കയും പിന്നെ വാഴുകയും ചെയ്യണമെങ്കിൽ, മരിച്ചവരിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ് അത്യാവശ്യമായിരുന്നു.

അതേ വേദഭാഗത്തോടെയാണ് (സങ്കീർത്തനങ്ങൾ 16:10) പൗലൊസ് തന്റെ വാദഗതി അവസാനിപ്പിക്കുന്നത്. ഇതേ വിവേചനം പത്രൊസ് പെന്തെകൊസ്തു നാളിൽ ഉപയോഗിക്കയുണ്ടായി:

> വേറൊരു സങ്കീർത്തനത്തിലും, "നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ നീ വിട്ടുകൊടുക്കയില്ല എന്നു പറയുന്നു" ദാവീദ്, തന്റെ തലമുറയിൽ[34] ദൈവത്തിന്റെ ആലോചനക്കു ശുശ്രൂഷ ചെയ്ത ശേഷം നിദ്ര പ്രാപിച്ചു, തന്റെ പിതാക്കന്മാരോടു ചേർന്നു നിദ്ര കണ്ടു, ദൈവം ഉയിർത്തെഴുന്നൽപ്പിച്ചവനോ ദ്രവത്വം കണ്ടില്ല (വാക്യങ്ങൾ 35–37).

"നിന്റെ പരിശുദ്ധനെ ദ്രവത്വം കാൺമാൻ അനുവദിച്ചില്ല" എന്നു ദാവീദ് തന്നെക്കുറിച്ചല്ല പറഞ്ഞതു, അവന്റെ ശരീരം ദ്രവിച്ചു കഴിഞ്ഞിരുന്നു; അവന്റെ വാക്കുകൾ മശിഹയുടെ ശരീരം മരണശേഷം ദ്രവിക്കുകയില്ല എന്ന പ്രവചനമായിരുന്നു – കാരണം അതു ഉയിർത്തെഴുന്നേൽക്കേണ്ടതായിരുന്നു.

പിന്നെ പൌലൊസ് ഒരു പക്ഷേ തന്റെ പ്രാരംഭ പോയിന്റിലേക്കു വരികയാകാം: മശിഹ മരിച്ചിട്ട് ഉയിർത്തെഴുന്നേൽകയും മഹത്വീകരിക്കയും ചെയ്യേണ്ടിയിരിക്കുന്നതിനാൽ, അതു തന്നെ യേശുവിനു സംഭവിച്ചതിനാലും, അവന്റെ തീർപ്പ് ഒഴിവാക്കാമായിരുന്നതല്ല: യേശു മശിഹ ആയിരുന്നു!

ഈ വാക്കുകളേക്കാൾ കൂടുതൽ പ്രബോധന വാക്കുകൾ എനിക്കറിഞ്ഞുകൂടാ: മശിഹവന്നു! ഉദയ സൂര്യൻ രാത്രയിലെ ഇരുട്ടിനെ പുറത്താക്കുന്നതുപോല, യേശു – ദൈവപുത്രൻ എന്നതിരിച്ചറിവ്, ലോകരക്ഷിതാവയ – യേശു വന്നു നമ്മുടെ ഹൃദയങ്ങൾ സുവാർത്തകൊണ്ടു നിറയണം!

**നിങ്ങൾക്കു രക്ഷിക്കപ്പെടാം! (13:38-41)**

പൌലൊസ് തന്റെ കേൾവിക്കാർക്കു പ്രയോഗികത തയ്യാറാക്കി കൊടുക്കുന്നു:

> ആകയാൽ സഹോദരന്മാരേ, ഇവൻ മൂലം നിങ്ങളോടു പാപമോചനം അറിയിക്കുന്നു എന്നും മോശയുടെ ന്യായപ്രമാണത്തിൽ[35] നിങ്ങൾക്കു, നീതികരണം വരുവാൻ കഴിയാതെ സകലതിൽ നിന്നും, വിശ്വസിക്കുന്ന ഏവനും[36] ഇവനാൽ[37]നീതികരിക്കപ്പെടുന്നു[38] എന്നും നിങ്ങൾ അറിഞ്ഞുകൊൾവിൻ (വാക്യങ്ങൾ 38, 39).

"ആട്ടുകൊറ്റന്മാരുടേയും കാളക്കിടാങ്ങളുടേയും രക്തങ്ങൾക്കു പാപങ്ങളെ മോചിപ്പാൻ കഴിയുകയില്ലായിരുന്നു" എന്നു ഏതൊരു ആത്മാർത്ഥതയുള്ള യെഹൂദനും സമ്മതിക്കണമായിരുന്നു (എബ്രയർ 10:4) പ്രവാചകനായിരുന്ന (യിരെമ്യാവു 31:31; എംഫസിസ് മൈൻ) ക്രിസ്തുവിന്റെ ആ *പുതിയ* നിയമത്തിലാണ് ഉടമ്പടി (പുതിയ ഉടമ്പടി [അല്ലെങ്കിൽ നിയമം] പാപങ്ങൾ ക്ഷമിക്കയും പിന്നെ അവയെ ഓർക്കാതിരിക്കയും ചെയ്യുന്നത്): "ഇനി അവരിൽ ആരും എല്ലാവരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല അവർ ആബാലവൃദ്ധം എല്ലാവരും തന്നെ അറിയും ഞാൻ അവരുടെ ആകൃത്യം മോചിക്കും അവരുടെ പാപം ഇനി ഓർക്കയുമില്ല എന്നു യഹോവയുടെ അരുളപ്പാട്" (യിരെമ്യാവ് 31:34).

അവസാനം മനുഷ്യനു *സ്വതന്ത്രരാവാൻ* കഴിഞ്ഞു: ന്യായപ്രമായണത്തിന്റെ നിബന്ധനകളിൽ നിന്നു മാത്രമല്ല; പാപത്തിൽ നിന്നും, കുറ്റത്തിൽ നിന്നും, ദൈവം ആഗ്രഹിച്ച എല്ലാറ്റിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചു! നിങ്ങളുടെ മനസ്സാക്ഷി ദാക്ഷണ്യമില്ലാതെ നിങ്ങളെ ശിക്ഷിച്ചിട്ടുണ്ടെങ്കിൽ, ചെയ്ത പാപം നിമിത്തം നിങ്ങൾക്കു രാത്രിയിൽ ഉറങ്ങാൻ കഴിയാതിരുന്നിട്ടുണ്ടെങ്കിൽ, നിങ്ങൾക്കറിയാം ഇതു എത്ര മനോഹരമായ വാർത്തയാണെന്ന്!

അങ്ങനെയുള്ള സുവാർത്തയായിരുന്ന പൗലൊസിന്റെ സദസ്സ്യർക്ക്, എന്നാൽ ദൈവത്തിന്റെ ഈ വിശാലമായ കരുണയെ അവർ ശരിയായി ഉപയോഗിച്ചില്ലെങ്കിൽ മോശമായ വാർത്തയുണ്ട്. പൌലൊസ് തന്റെ "പ്രബോധന സന്ദേശം" അവസാനിച്ചപ്പോൾ അവന്റെ മുഖത്തെ ദു:ഖഭാവം എനിക്കു കാണാൻ കഴിയുന്നുണ്ട്: "പ്രവാചക പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതു നിങ്ങൾക്കു ഭവിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവൻ" (വാക്യം 40)[39] പൌലൊസ് പ്രസംഗിക്കുന്നതിനു മുൻപ്, പ്രവാചക വാക്യങ്ങൾ വായിച്ചിരുന്നു. ദൈവത്തെയും അവന്റെ വഴികളെയും വിട്ടു കളയുന്നവരിൽ വരുന്ന *ശാപത്തെക്കു*റിച്ചു പ്രവചിച്ച പ്രവാചക വാക്യങ്ങൾ അവന്റെ കേൾവിക്കാർക്ക് അറിയാമായിരുന്നു.

ഹബക്കുക്കിന്റെ പുസ്തകത്തിൽ നിന്നു "പറഞ്ഞു" പൌലൊസ് ഉദാഹരണമായി എടുത്തു കാണിച്ചിരുന്നു[40] "ഹേ നിന്ദക്കാരേ, നോക്കുവിൻ ആശ്ചര്യപ്പെട്ടുനശിച്ചു പോകുവിൻ; നിങ്ങളുടെ കാലത്തു അവൻ ഒരു പ്രവൃത്തി ചെയ്യുന്നു. നിങ്ങളോടു വിവരിച്ചാൽ നിങ്ങൾ വിശ്വസി

ക്കാത്ത പ്രവൃത്തി തന്നെ" (വാക്യം 41; ഹബക്കൂക്ക് 1:5). ഹബക്കൂക്കിന്റെ കാലത്ത്, ജാതിയിൽപെട്ട ദേശത്തെ (ബാബേലിനെ) അയച്ചു തന്റെ ജനത്തെ ശിക്ഷിക്കുന്ന ദൈവത്തിന്റെ ആശ്ചര്യ "പ്രവൃത്തിയാണ്" നടന്നത്. ഇതു സാദ്ധ്യമെന്നു യിസ്രായേൽ വിശ്വസിച്ചില്ല – ബാസേൽ രാജ്യത്തേക്ക് ഇരച്ചു കയറി അനേകരെ നശിപ്പിച്ചു ഹബക്കൂക്കിന്റെ കാലത്ത്, നടന്ന ദൈവത്തിന്റെ അത്ഭുത പ്രവൃത്തി ഒരു ശാപമായിരുന്നു; പൌലോസിന്റെ കാലത്ത് ദൈവത്തിന്റെ ആശ്ചര്യ പ്രവൃത്തി അനുഗ്രഹമായിരുന്നു – മശിഹയെ അയച്ചത്. ഫലം, എങ്ങനെയായാലും, ഒന്നു തന്നെ: ദൈവത്തിന്റെ സന്ദേശവാഹകനെ വിശ്വസിക്കാതെ (പൌലൊസിനെ) തള്ളിക്കളയുന്ന "നിന്ദക്കാർ" നശിച്ചു പോകും!

ആ നിമിഷം പൌലൊസ് തന്റെ "പ്രബോധന സന്ദേശം" അവസാനിപ്പിച്ചു. യേശുവിനെ മശിഹ എന്നു, അവർ വിശ്വസിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു, എന്നാൽ മാനസാന്തരപ്പെടുവാനോ, ഏറ്റു പറഞ്ഞ് സ്നാനപ്പെടുവാനോ കൽപ്പിച്ചില്ല.[41] ഈ പ്രാഥമിക ഭാഗത്ത്, അവൻ അവർക്കു താൽപര്യം ജനിപ്പിക്കയാണ് ചെയ്തത്, ചിന്ത ഉണർത്തി, തന്റെ കേൾവിക്കാരെ വിശ്വാസ പാതയിലേക്കു നടത്തി. ആ ഉന്നം അവൻ കൈവരിച്ചാൽ അടിസ്ഥാനത്തിൽ അവനു പണിയുവാനും പ്രതികരിക്കുന്നവരെ തുടർന്നു പ്രോത്സാഹിപ്പാനും കഴിയും!

## ഉപസംഹാരം

ഇതിനേക്കാൾ കൂടുതലായിരുന്നതൊക്കെ സത്യത്തെ പ്രബോധിപ്പിക്കാൻ എന്തു ചെയ്യാൻ കഴിയും? ജീവിതത്തെ നിമഗ്ദമാക്കി നയിക്കുന്നവരോട്, ഞങ്ങൾ പറയുന്നു, "ദൈവം ആണ് നിയന്തിക്കുന്നത്!" അനിശ്ചിതാവസ്ഥയിൽ താഴ്ത്തിയവരോട്, ഞങ്ങൾ പ്രഖ്യാപിക്കുന്നു "മശിഹ വന്നിരിക്കുന്നു!" പാപത്തിൽ ജീവിക്കുന്നവരോട്, ഞങ്ങൾ പറയുന്നു, "നിങ്ങൾ രക്ഷിക്കപ്പെടാൻ കഴിയും!"

നാം വീണ്ടും പൌലൊസിന്റെ പ്രസംഗം നോക്കിയാൽ, ഈ പ്രബോധന വാക്കുകളെല്ലാം *യേശുവിനെ* കേന്ദ്രീകരിച്ചുള്ളതാണ്. റിക്ക് അച്ചലെ പൌലൊസിന്റെ പാഠത്തിലെ ആദ്യഭാഗത്തെ ഇങ്ങനെ പറയുന്നു, "യേശു, ചരിത്രത്തിന്റെ കേന്ദ ഭാഗത്ത്; രണ്ടാമത്തെ ഭാഗത്തെ യേശു, പ്രവചന നിവർത്തീകരണം" എന്നു പറയുന്നു; മൂന്നാഭാഗം "യേശു, അകൃത്യങ്ങളെമോചിക്കുന്നവൻ" എന്നാണ്.[42] പൌലൊസ് പിന്നീട് "ക്രിസ്തുവിലുള്ള പ്രബോധനമായി" പറഞ്ഞു (ഫിലിപ്പിയർ 2:1). നിങ്ങൾക്കു പ്രബോധനം വേണമെങ്കിൽ, നിങ്ങൾ യേശുവിനോട് അടുക്കേണ്ടതായിട്ടുണ്ട്!

നമ്മുടെ അടുത്ത പാഠത്തിൽ, നാം പൌലൊസിന്റെ സദസ്സ്യരുടെ പ്രതികരണം കാണും ഇപ്പോൾ, എങ്ങനെയായാലും, *നിങ്ങളുടെ* പ്രതികരണം അറിയാവുന്നാണ് ഞാൻ കൂടുതൽ ആഗ്രഹിക്കുന്നത്. നിങ്ങൾ യേശുവിനെ നിങ്ങളുടെ ജീവിതത്തിന്റെ കർത്താവായി സ്വീകരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവന്റെ വഴികളിലെല്ലാം കീഴ്പ്പെടുവാൻ ഇഛിക്കുന്നുവെങ്കിൽ, *ഇപ്പോഴാകുന്നു* സമയം.

പ്രവൃത്തികൾ 7 ലെ സതേഫാനൊസിന്റെ പ്രസംഗത്തിൽ ഞാൻ ചെയ്തതുപോലെ, ഞാൻ കരുതുന്നത്, പൌലൊസ് പ്രവൃത്തികൾ 13 ലെ നിയമ സംഭവങ്ങൾ ആവർത്തച്ചതു എന്റെ സദസ്യർക്കു പരിചയമുള്ളതുകൊണ്ട് വിപുലമാകുന്നില്ല. *നിങ്ങളുടെ* സദസ്യർക്കു അതു പരിചയമില്ലെങ്കിൽ, സമയമെടുത്തു പഴയനിയമ പശ്ചാത്തലം നൽകാം. ആരംഭത്തിനായി ചില പഴയ നിയമ വാക്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

കുറിപ്പുകൾ

[1]ഈ അന്ത്യോക്യ പിസിദ്യയുടെ അരികിലുള്ള ഫ്രുഗ്ഗയിലാണ് സ്ഥിതിചെയ്തിരുന്നത്, അതിനെ പിസിദ്യയിലെ (അടുത്തോ, ചേർന്നോ) അന്ത്യോക്യ അറിയപ്പെട്ടിരുന്നത് ഫ്രുഗ്ഗ്യയിലെ മറ്റോരു അന്ത്യോക്യയിൽ നിന്നു തിരിച്ചറിയേണ്ടിരുന്നതിനാണത്. [2]പവൃത്തികൾ 13:5; 14:1; 17:1, 10, 17; 18:4, 19; 19:8. [3]“ശേമാ” എന്നതു “കേൾക്കുക,” എന്നതിന്റെ എബ്രായ പദമാണ്. [4]ഈ വാക്ക് “കംഫർട്ട്” എന്നോ “കൺസലേഷൻ” എന്നോ തർജ്ജിമ ചെയ്യാം. [5]പൌലൊസിന്റെ പ്രതിരോധം കൂടെ ഉൾപ്പെടുത്തി, അവന്റെ അഞ്ചു പ്രസംഗങ്ങൾ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതാണ് ഏറ്റവും വലുത് (ഇരുപത്തി - ആറു വാക്യങ്ങൾ) യെഹൂദ പള്ളിയിൽ പ്രസംഗിച്ച ഒരേ ഒരാളും. [6]പള്ളിയിൽ ഉപദേശിച്ചപ്പോൾ യേശു ഇരുന്നിരുന്നു (ലുക്കോസ് 4:20, 21), എന്നാൽ സ്പഷ്ടമായും പൌലൊസ് തന്നിരുന്നു. ഈ വിത്യാസത്തിന്റെ കാരണം നമുക്കറിഞ്ഞുകൂടാ, ഒരു പക്ഷേ പാലസ്തീൻ പള്ളിയിലെ “ആചാരം” പുറത്തുള്ളവയിൽ നിന്നും വിത്യസ്തമായിരിക്കാം. [7]ഈ പ്രയോഗം ഒരു അന്തോപ്പോമോർഫിസം അത് അർത്ഥം “വലിയ ശക്തിയോടുകൂടെ” എന്നാണ് എൻ ഐവിയിൽ “വിത്ത് മൈറ്റി പവ്വർ” എന്നാണ്. [8]പുറപ്പാട് 6:1, 6; സങ്കീർത്തനങ്ങൾ 136:11, 12. [9]ചില വേദത്തിൽ “ഹീ കെയേർഡ് ഫോർ” എന്നാണ്. [10]ആവർത്തന പുസ്തകം 1:31; 32:10.

[11]ആവർത്തന പുസ്തകം 7:1. [12]യോശുവ 14-19. [13]വേദഭാഗ സംബന്ധമായ പ്രശ്നം വരുന്നതു പദപ്രയോഗം തർജ്ജിമ ചെയ്തതിനാണ് “എതാണ്ട് നാന്നൂറ്റിഅമ്പതു വർഷങ്ങൾ.” കെജെവിയിൽ 20-ാം വാക്യത്തിലെ പദപ്രയോഗം ന്യായാധിപന്മാരുടെ കാലത്തു പ്രായോഗികമാകുന്നു (അത് ഒരു പക്ഷെ 450 വർഷം ആകണമെന്നില്ലാ) എൻ എ എസ് ബിയിലെ വേദഭാഗം ശരിയാണെങ്കിൽ, അതിൽ യിസ്രയിമിലെ താമസവും ഉൾപ്പെടുന്നു (400 വർഷം), അതും മരുഭൂമിയിലെ ചുറ്റിനടത്തലും (40 വർഷം), കൂടാതെ ദേശം കീഴ്പ്പെടുത്തൽ (പത്തുവർഷത്തിലധികം). [14]1 ശാമുവേൽ 8:5-9. [15]പൌലൊസ് പറയുവാൻ നിർത്തിയതാകാം, “ശൌൽ എന്നതു എന്റെ, എബ്രായ പേരാണ്, ഞാനും, ബെന്യാമീൻ ഗോത്രക്കാരനാണ്.” [16]ശൌൽ പതിനാലു വർഷം വാണു എന്നതു പഴയ നിയമത്തിൽ വിവരിച്ചിട്ടില്ല. [17]1 ശാമുവേൽ 15:26. [18]ഈ ഉദ്ധരണി കൃത്യമായും പഴയ നിയമത്തിലില്ല, എന്നാൽ അതിന്റെ സാരാംശം 1 ശാമുവേൽ 13:14 ലും സങ്കീർത്തനൾ 89:20 ലും കാണാം. [19]2 ശാമുവേൽ 7:12; സങ്കീർത്തനങ്ങൾ 132:11; ശെരയ്യാവ് 11:1-16. [20]യോഹന്നാന്റെ പ്രവൃത്തി, അവർക്കു സുപരിചിതമല്ലെങ്കിൽ പൌലൊസിന്റെ വാക്കുകൾക്കു പ്രസക്തിയില്ല. അവരുമായുള്ള മുൻപിലത്തെ സംഭാഷണത്തിൽ നിന്നു അവർക്കു യോഹന്നാനെക്കുറിച്ചുള്ള അറിവുകൾ ഗ്രഹിച്ചു കാണും. (ഒരു പക്ഷെ ആരാധനയുടെ മുൻപ്), അല്ലെങ്കിൽ ഒരു പക്ഷെ ആത്മാവ് വെളിപ്പെടുത്തിയതുമാകാം.

[21]ഒരു പക്ഷേ യോഹന്നാന്റെ ഒരു ശിഷ്യൻ അപ്പൊല്ലോസ്, പിന്നീട് എഫെസൊസിൽ പോയതുപോലെ അവരുടെ പ്രദേശത്തു ചെന്നിരിക്കാം (18:24-19:4). [22]യോഹ

ന്നാന്റെ സ്നാനത്തെ "മാനസാന്തരസ്നാനമെന്നും," വിളിച്ചിരുന്നു. കാരണം അതുമാനസാന്തരത്തെ പ്രതിനിധീകരിച്ചിരുന്നു. മഹത്തായ ആജ്ഞയിലെ സ്നാനത്തെ "വിശ്വാസ സ്നാനം," എന്നും വിളിച്ചിരുന്നു കാരണം അതിൽ യേശുവിലുള്ള വിശ്വാസം ഉൾപ്പെട്ടിരിക്കുന്നു. [23]സുവിശേഷ വിവരണങ്ങളിൽ യോഹന്നാൻ പറയുമ്പോൾ ഈ വാക്കുകൾ കൃത്യമായി പറയുന്നില്ലെങ്കിലും, സാരാംശം പറയുന്നതു മത്തായി 3:11; മർക്കൊസ് 1:7; ലൂക്കൊസ് 3:15, 16; യോഹന്നാൻ 1:19, 20, 27. [24]കോട്ടൺ പാച്ച് വെർഷന്റെ ലൂക്കൊസും പ്രവൃത്തികളും (ക്ലാരെൻസ് ജോർഡാൻ) ആധുനിക - കാലത്തെ തുല്യത നൽകുന്നത്: "അവന്റെ ചെരിപ്പു വെളുപ്പിക്കുവാൻ ഞാൻ അയോഗ്യനാണ്." [25]ഞാൻ ഏലിയാ*വല്ല* എന്നു യോഹന്നാൻ പറഞ്ഞപ്പോൾ (യോഹന്നാൻ 1:21), യെഹൂദന്മാർക്കിടയിൽ ഉണ്ടായിരുന്ന മശിഹ വരുന്നതിനു മുൻപ് ഏലിയാവു ഉയിർത്തെഴുന്നേൽക്കുമെന്നതു സൂചിപ്പിക്കുകയായിരുന്നു. എന്നാൽ യോഹന്നാൻ വന്നതു "ഏലിയാസിന്റെ അത്മാവോടുകൂടിയാണ്," പക്ഷെ ഏലിയാസ് ഉയിർത്തെഴുന്നേറ്റവനായിരുന്നില്ല. [26]അർത്ഥശൂന്യമായ ഹിംസയെ കതരുതുന്ന പ്രാദേശിക സഭയെ പകരം ഉദാഹരണമായി എടുക്കാം. [27]വില്യം ബാർക്ലെ, *ദി ആക്ട്സ് ഓഫ് ദി അപ്പൊസ്തൽസ്,* ദി ഡെയ്ലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. ഇഡി. (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 104. [28]അക്ഷരികമയി, വേദഭാഗത്തിൽ "മരം" അല്ലെങ്കിൽ "തടി" എന്നാണ്. [29]യേശുവിന്റെ ശത്രുക്കൾ അവനെ ക്രൂശിൽ തറെച്ചതും യശുവിന്റെ സ്നേഹിതന്മാർ അവനെ അടിക്കുകയും പൌലൊസ് വേർതിരിച്ചില്ല. ഈ പ്രവൃത്തികളെല്ലാം യെരുശലേമിലെ *യെഹൂദന്മാർ* ചെയ്തതാണ് - അവ *എല്ലാം പ്രവചനം നിവർത്തിയാക്കി* [30]സാധാരണ പോലെ, ലുക്കൊസ് തന്റെ പ്രസംഗം ചുരുക്കരൂപത്തിലാക്കി.

[31]യേശുവിന്റെ ഉയിർപ്പിനു ശേഷമുള്ള പ്രത്യക്ഷത സംഭവിച്ചത് നാൽപത് നാളുകളായാണ് (1:3). [32]"സുവിശേഷം ... പ്രസംഗിക്ക" എന്നതു ഗ്രീക്കുവാക്കിന്റെ, ഒരൊറ്റ ക്രിയാരൂപമായ "സുവിശേഷം" എന്ന ഏക വാക്കിൽ നിന്നു വന്നതാണ്. [33]ഗ്രീക്കിൽ ആക്ഷരികമായി "മക്കളായ, നമ്മോട്" എന്നാണ് എൻ ഐവിയായിരിക്കാം ഒരു പക്ഷേ പൌലൊസിന്റെ ആശയം അവർ തർജ്ജിമ ചെയ്ത പദപ്രയോഗത്തിൽ "*അവരുടെ* മക്കളായ, നമ്മോട്" എന്നതിൽ വന്നിട്ടുള്ളത് (കെ ജെവിയും നോക്കുക). [34]ഇതിനേക്കാൾ വലിയ ഒരു സ്മരണ ക്കുറിപ്പ് മറ്റൊരു മനുഷ്യനും എഴുതാൻ സാദ്ധ്യമല്ല: "അവന്റെ ... തലമുറയിൽ അവൻ ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റു!" [35]അക്ഷരികമായി, വേദഭാഗത്തിൽ "അവനിൽ" എന്നാണ് പൌലൊസ് അവരുടെ മനസുകളെ "ക്രിസ്തുവിലാക്കുന്ന" സ്നാത്തിനായി ഒരുക്കുവാൻ ഉള്ള ശ്രമത്തിലായിരുന്നു (റോമർ 6:3; ഗലാത്യർ 3:27). [36]"ഓരോരുത്തരും" എന്ന വാക്ക് കാണാതെ പോകരുത് ജാതികളും ഉൾപ്പെട്ടിരുന്നു! [37]"ഫ്രീഡ്" എന്ന ഗ്രീക്ക് വാക്ക് പലപ്പോഴും തർജ്ജിമ ചെയ്തിരിക്കുന്നതു "ജസ്റ്റിഫൈഡ്" എന്ന വാക്കാണ് (കെജെവിയും, എൻ ഐവിയും നോക്കുക). [38]അക്ഷരികമായി, വേദഭാഗത്തിലുള്ളത് "ന്യായ പ്രമാണ*ത്തിൽ* " എന്നാണ്. [39]വന്നുകൂടിയ പലരിലും നിരസിക്കൽ പിതിഫലിച്ചതു കൊണ്ടാണ് പൌലൊസ് നിഷേധാത്മകമായി അവസാനിപ്പിച്ചത് എന്നു പറയപ്പെടുന്നു. ഒരു പക്ഷേ ഇതു ശരിയായിരിക്കാം; ചിലപ്പോൾ അല്ലായിരിക്കാം. പൌലൊസിന്റെ പ്രസംഗത്തിലെ അവിഭാജ്യ ഘടകമായിരുന്നു മുന്നറിയിപ്പ് (20:31; കെ.ജെവി). [40]സെപ്ടജിന്റിൽ നിന്നാണ് ഈ ഉദ്ധരണി.

[41]പൌലൊസ് സ്നാനത്തിന്റെ ആവശ്യകത തീർച്ചയായും വിശ്വസിച്ചിരുന്നു (റോമർ 6:3, 4; ഗലാത്യർ 3:26, 27), തന്റെ പ്രാഥമിക അഭിപ്രായ പ്രകടനത്തിൽ സ്നാനം പറയേണ്ട ആവശ്യമില്ലെന്നു പൗലൊസ് സ്പഷ്ടമായി വിശ്വസിച്ചിരുന്നു. ഞാൻ ആരെങ്കിലുമായി ദൈവവചനം പങ്കിടുവാൻ തുടങ്ങുമ്പോൾ, ആദ്യം സ്നാനത്തെക്കുറിച്ചു പറയാറില്ല. വളരെ അപൂർവ്വമായിട്ടേ ആദ്യത്തെ പഠനത്തിൽ രക്ഷയുടെ നിബന്ധനകളും പറയാറുള്ളു. [42]റിക് ആച്ച്ലെ, "ചിന്തക്കുള്ള ആഹാരം," എന്ന 1986 ഫെബ്രുവരി 2 ലെ ടെക്സാസിലെ, അബീലിനിൽ, സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ, പ്രസംഗിച്ചതിൽ നിന്നുള്ളതാണ്.